# അക്കാദമിക മാസ്റ്റർ പ്ലാൻ

2025 - 2026

എസ്. എൻ. ഡി. പി. എച്ച്. എസ്. എസ്. കുട്ടമംഗലം

# ആമുഖം.

മികവാർന്ന പാരമ്പര്യത്തിന്റെ 87 വർഷങ്ങൾ പൂർത്തിയാക്കുന്ന കുട്ടമംഗലം SNDPHSS വിദ്യാഭ്യാസ രംഗത്ത് വലിയ മുന്നേറ്റം നടത്തിയ വർഷങ്ങളിലൂടെയാണ് കടന്നു പോയത്. കുട്ടനാട് വിദ്യാഭ്യാസ ജില്ലയിൽ പഠന നിലവാരത്തിൽ മുൻനിരയിൽ നിൽക്കുന്ന സ്കൂളുകളിൽ ഒന്നാണ് കുട്ടമംഗലം SNDPHSS.

5 മുതൽ 10 വരെ മുന്നൂറ്റി[illegible] 2 വിദ്യാർത്ഥികൾ ഇവിടെ ആണ് ഉള്ളത്. 2018 ലെ പ്രളയത്തിനുശേഷം. പ്രദേശത്തെ നാട്ടുകാർ പലരും പലായനം ചെയ്തത് സ്കൂൾ പ്രവേശനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. സാമൂഹ്യപരമായ പ്രത്യേകതയും കുട്ടികളുടെ എണ്ണത്തെ സാരമായ രീതിയിൽ ബാധിച്ചിട്ടുണ്ട്. ഈ അക്കാദമിക വർഷം സ്ഥാപനത്തിലെ ആകെ കുട്ടികളുടെ എണ്ണം ആണ്. എല്ലാ പരിമിതികളേയും മറികടന്നു കൊണ്ട് മികച്ച സാമൂഹ്യ പ്രതിബദ്ധതയോടെ തലയെടുപ്പുള്ള വിദ്യാഭ്യാസ കേന്ദ്രമായ് സ്കൂൾ തലയുയർത്തി നിൽക്കുന്നു.

ഹൈസ്കൂൾ വിഭാഗത്തിൽ 4 ഭാഷാ അധ്യാപകരും 5 സബ്ജക്ട് അധ്യാപകരും UP വിഭാഗത്തിൽ 8 അധ്യാപകരും ഉണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുടെ പരിശീലനത്തിനായി ഒരു റിസോഴ്സ് ടീച്ചർ ഉണ്ട്. രണ്ട് ഓഫീസ് അസിസ്റ്റന്റ്, ഒരു ക്ലാർക്ക്, ഒരു FTM ഉൾപ്പെടുന്ന 4 ഓഫീസ് ജീവനക്കാരും ഉണ്ട്.

## പൊതുലക്ഷ്യങ്ങൾ.

- ഓരോ കുട്ടിയും അതത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക.
- ഓരോ ഘട്ടത്തിലും കുട്ടി നേടേണ്ട അറിവും കഴിവും മുൻകൂട്ടി തയ്യാറാക്കുക.
- കുട്ടികളുടെ സർഗപരവും അക്കാദമികവും കായികവുമായ കഴിവ് പരമാവധി പ്രോത്സാഹിപ്പിച്ച് സംസ്ഥാനതലത്തിൽ ശ്രദ്ധേയമായ നേട്ടങ്ങൾ കൈവരിക്കുവാൻ പ്രാപ്തരാക്കുക.
- എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ സംസാരിക്കാനും, വായിക്കാനും എഴുതാനുമുള്ള കഴിവ് ഉറപ്പ് വരുത്തുക.
- അധ്യാപനം സർഗാത്മകവും രസകരവും ആക്കുന്നതിന് ഉപകരിക്കുന്ന വിവിധ തരത്തിലുള്ള പ്രവർത്തനങ്ങൾ രൂപപ്പെടുത്തുക.
- ശുചിത്വം, ദിനാചരണം, സാമൂഹിക ബോധം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം ഒരുക്കൽ.
- പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉറപ്പാക്കുന്ന വിദ്യാലയാന്തരീക്ഷം ഒരുക്കൽ.
- പരിസ്ഥിതിയെ കാത്ത് സൂക്ഷിക്കാനും സുസ്ഥിര വികസന കാഴ്ചപ്പാട് രൂപപ്പെടുത്തുന്നതിനും കുട്ടിയെ പ്രാപ്തനാക്കുക.
- ഇവിടെ പഠിച്ചു പുറത്തിറങ്ങുന്ന കുട്ടികൾ അവരുടെ വീടുകളിലും പരിസരങ്ങളിലുമുള്ള മറ്റ് കുട്ടികളെ നമ്മുടെ വിദ്യാലയത്തിലേക്ക് തന്നെ ചേർക്കുന്ന രീതിയിലേക്ക് വിദ്യാലയത്തെ ഉയർത്തുക.

# നിലവിലെ അവസ്ഥാ വിശകലനം

## ഭൗതിക നേട്ടങ്ങൾ.

* നമ്മുടെ ക്ലാസ്സ്മുറികൾ വൈദ്യുതി സംവിധാനത്തോടെ സജ്ജീകരിച്ചിരിക്കുന്നത്.
* പ്രവർത്തന സജ്ജമായ IT ലാബ്, സയൻസ് ലാബ്, ലൈബ്രറി എന്നിവ ഉണ്ട്.
* എല്ലാ ക്ലാസ്സ്മുറികളിലും ആവശ്യാനുസരണം ലൈറ്റും ഫാനും ഉണ്ട്.
* ഹരിതവിദ്യാലയം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ജൈവമാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിച്ചു.
* കളിസ്ഥലം, കളിയുപകരണങ്ങൾ എന്നിവ ഒരുക്കാൻ സാധിച്ചു.
* മാലിന്യത്തിന് താത്കാലിക പരിഹാരം കണ്ടെത്താൻ സാധിച്ചു.

## ഭൗതിക പരിമിതികൾ.

പാചകപ്പുര ഇപ്പോഴും വളരെ പഴക്കം ചെന്ന കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.

പ്രതികൂല കാലാവസ്ഥയിലും സ്കൂൾ അസംബ്ലി നടത്താൻ പാകത്തിന് ഒരു ഓപ്പൺ എയർ ഓഡിറ്റോറിയം ഇല്ല.

ഉദ്യാനം, ജൈവവൈവിധ്യ പാർക്ക്, ഗണിത പാർക്ക് എന്നിവയൊന്നും സ്കൂളിൽ ഇല്ല.

ഗണിതലാബ്, സോഷ്യൽ സയൻസ് ലാബ് എന്നിവയ്ക്കുള്ള മുറികൾ ഇല്ല.

ഭിന്നശേഷി കുട്ടികൾക്കായുള്ള സൗകര്യങ്ങൾ ഇല്ല.

## അക്കാദമിക നേട്ടങ്ങൾ

SSLC പരീക്ഷാഫലത്തിൽ 100% വിജയം കരസ്ഥമാക്കി മങ്കൊമ്പ് സബ്ജില്ലയിലെ ഒന്നാംസ്ഥാനത്ത് എത്താൻ സ്കൂളിന് സാധിച്ചു. ഒപ്പം കൈനകരി ഗ്രാമപഞ്ചായത്തിലും ഒന്നാമതാണ്.

Chess അസോസിയേഷൻ ഇന്ത്യ സോൺ ഡിസ്ട്രിക്ട് സെലക്ഷൻ ടൂർണമെന്റ് ചാമ്പ്യൻമാരായി ബോയ്സ് വിഭാഗത്തിലെ കാർത്തിക് K രാജ്, J ദേവസ്, J സിദ്ധാർത്ഥ് എന്നിവർ അർഹരായി.

മങ്കൊമ്പ് സബ്ജില്ലാ കായികമേളയിൽ പത്താം ക്ലാസിലെ ശ്രീനിവാസ് V.L 1500 മീറ്റർ മത്സരത്തിൽ ഒന്നാം സ്ഥാനവും അക്ഷയ് ഗുപ്തന് രണ്ടാം സ്ഥാനവും നേടി 400x4 റിലേയിൽ അർജുൻ ടി ഒന്നാം സ്ഥാനത്തിന് അർഹരായി. 200 m മത്സരത്തിൽ അഭിലാഷ് ഒന്നാം സ്ഥാനത്ത് എത്തി.

ശാസ്ത്ര പ്രവൃത്തി പരിചയ മേളകളിൽ മികച്ച നേട്ടങ്ങൾ കൈവരിച്ചു.

NMMS പരീക്ഷയിൽ ശ്രീഹരി KJ, ബിന്ദു CR എന്നിവർ വിജയികളായി

USS പരീക്ഷയിൽ J ദേവസ് വിജയിയായി.
സംസ്കൃത സ്കോളർഷിപ്പ് നേടി.

## അക്കാദമിക പരിമിതികൾ:

പിന്നോക്കാവസ്ഥയിൽ നിൽക്കുന്ന കുട്ടികൾക്കായി പ്രത്യേക പരിപാടികൾ ഫലപ്രദമായി നിർവഹിക്കാൻ സാധിച്ചില്ല.

| വികസനത്തിന് ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ. | | |
|---|---|---|
| അക്കാദമികം | ഭൗതികം | സാമൂഹികം. |
| ഭാഷാശേഷി വികസനം | ചുറ്റുമതിൽ | PTA ശക്തിപ്പെടുത്തൽ |
| ഗണിത ശേഷി വികസനം | കളിയുപകരണങ്ങൾ | മദർ PTA |
| വായന വളർത്തൽ | കുടിവെള്ള വിതരണ സംവിധാനം | ക്ലബ്ബ് പ്രവർത്തനങ്ങൾ |
| ലൈബ്രറി ശാക്തീകരണം | ഉദ്യാനം | സന്നദ്ധ സംഘടനകൾ, |
| പ്രതിഭാ പരിപോഷിണി | ഗണിതലാബ് | വിദ്യാഭ്യാസ പ്രവർത്തകർ |
| ശലഭോദ്യാനം | സാമൂഹ്യശാസ്ത്ര ലാബ് | പൂർവ്വ അധ്യാപകർ, |
| പഠനയാത്രകൾ | | സഹകരണ സ്ഥാപനങ്ങൾ |
| സെമിനാറുകൾ | ഭിന്നശേഷി കുട്ടികൾക്കായ് റിസോഴ്സ് റൂം. | വ്യവസായ ശൃംഖലകൾ |
| | | എന്നിവയുടെ സേവനം |
| കലാ-കായിക-ശാസ്ത്ര മേളകൾ | | പ്രയോജനപ്പെടുത്തൽ. |
| | പാചകപ്പുര | |
| ഭാഷോത്സവം | കൃഷി സാമഗ്രികൾ | വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |
| ഗണിതോത്സവം | | |
| ശാസ്ത്രോത്സവം | | ഭവന സന്ദർശനം. |
| IT മേള | | |
| SRG ശാക്തീകരണം | | |
| വിവിധ ശില്പശാലകൾ | | |
| പ്രവൃത്തി പരിചയമേള. | | |

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | പഠിതാവിൽ മെച്ചപ്പെട്ട പൂർണമായ വായന ഉറപ്പുവരുത്തുക. | വാർത്താലോകത്തേക്ക്. പത്രം, തൊഴിൽപതിപ്പ്, മാസികകൾ എന്നിവ പഠിതാക്കൾ വായിക്കുകയും പ്രതികരണശേഷി ഉണർത്തുകയും ഉച്ചാരണശുദ്ധി വരുത്തുകയും ചെയ്യുന്നു. | എല്ലാ ദിവസവും | മലയാളം അധ്യാപകർ | |
| 2. | പഠിതാക്കളുടെ കലാവാസനകളെ പരിപോഷിപ്പിക്കൽ. | രംഗാവിഷ്കാരം. പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട പരിപാടികൾ അവതരിപ്പിക്കുന്നു. (ചൊൽക്കാഴ്ചകൾ, ലഘുനാടകം) തുടങ്ങിയവ ക്ലാസ്സിലും അസംബ്ലിയിലും അവതരിപ്പിക്കാൻ അവസരമൊരുക്കുന്നു. | അക്കാദമിക് വർഷം. | ക്ലാസ് ലീഡർ, സ്കൂൾ ലീഡർ, മലയാളം അധ്യാപകർ | വിവിധ ക്ലബ്ബുകൾ P.T.A. |
| 3. | കുട്ടികളുടെ ആകാശവാണി (FM) ശബ്ദസഞ്ചാരി അവതരണമികവ് | S.N.D.P F.M. ശബ്ദസഞ്ചാരി എല്ലാ വെള്ളിയാഴ്ചകളിലും വിവിധ മേഖലകളിൽ കഴിവുള്ള കുട്ടികളുടെ മികവ് തെളിയിക്കാൻ ഓരോ ആഴ്ചയിലും പ്രധാനപ്പെട്ട വാർത്ത അവതരണം, സ്കൂളിലെ പ്രധാനപ്പെട്ട സംഭവങ്ങൾ വാർത്തയായി അവതരിപ്പിക്കുന്നു | എല്ലാ വെള്ളിയും. | തിരഞ്ഞെടുത്ത കുട്ടികൾ (R.J) അവതരണം കുട്ടികൾ. | വിവിധ ക്ലബ്ബ് |

| | | | | | |
|---|---|---|---|---|---|
| 4 | ഭാഷയുടെ അടിസ്ഥാനശേഷി വികസനം. ആശയ സംവേദനം നടത്താനും പഠിതാക്കളെ പ്രാപ്തരാക്കുക. | എന്റെ അവധിക്കാലം<br>പഠിതാക്കൾ അവരുടെ അവധിക്കാല അനുഭവങ്ങൾ വിവിധ വ്യവഹാരരൂപങ്ങളിലൂടെ [കഥ, കവിത, യാത്രാനുഭവം, അനുഭവക്കുറിപ്പ്]<br>വാക്യങ്ങളിൽ നിന്ന് വാക്കുകളിലേക്ക്.<br>അക്ഷരങ്ങളും ചിഹ്നങ്ങളും ഉൾപ്പെട്ട കാർഡുകൾ ഉപയോഗിച്ച് പദങ്ങളുടെയും വാക്യങ്ങളുടെയും നിർമ്മാണം. | ഒന്നാം മാസം<br>എല്ലാ ദിവസവും | ലേഖകരും<br>അദ്ധ്യാപകർ | |

# അക്കാദമിക് മാസ്റ്റർപ്ലാൻ - മലയാളം - 2025 - 26

## ആമുഖം

നവീനമായ ആശയവിനിമയങ്ങളുടെയും അവയുടെ ചടുലമായ വ്യാപനത്തിന്റെയും കാലത്താണ് നാം ജീവിക്കുന്നത്. ഭാഷയാണ് ഇതിനു നമ്മെ സഹായിക്കുന്നത്. അതുകൊണ്ടുതന്നെ ഭാഷാപഠനം ഏറ്റവും വിശദമായിത്തന്നെയും സർഗ്ഗാത്മകമായി ഉപയോഗിക്കാനും നാളേക്കായുള്ളതും അറിയേണ്ടതുണ്ട്. അതോടൊപ്പം ഭാഷയുടെ സൗന്ദര്യവിഷ്കാരരൂപമായ സാഹിത്യരൂപങ്ങൾ കുട്ടികളുടെ മനസ്സിനെ സ്വാധീനിക്കുന്നത് എങ്ങനെയെന്നും അധ്യാപകർ തിരിച്ചറിയേണ്ടതുണ്ട്. ഇത്തരം ലക്ഷ്യങ്ങൾക്കൂടെയാണ് ഇത്തവണത്തെ മലയാളം - അക്കാദമിക് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിരിക്കുന്നത്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ എഴുത്ത്, വായന എന്നിവ കൂടുതൽ മെച്ചപ്പെടുത്തുന്നതിനും ഉച്ചാരണം, വാക്യശുദ്ധി ആശയവിനിമയശേഷി എന്നിവ മെച്ചപ്പെടുത്തുന്നതിനും. | വിവിധതരം പാഠങ്ങൾ, വായന പോലീസ് പുസ്തകാസ്വാദനം റിപ്പോർട്ടിംഗ് | അധ്യയനവർഷം മുഴുവൻ, തിരഞ്ഞെടുക്കപ്പെട്ട ദിവസങ്ങളിൽ | മലയാളം അധ്യാപകർ | അധ്യാപകർ |

| | | | | |
|---|---|---|---|---|
| * പൊതുവിജ്ഞാനം സാമാന്യ സാമൂഹി-കാവസ്ഥകളെക്കുറിച്ചുള്ള ധാരണ എന്നിവ കുട്ടികളിൽ വളർത്തുന്നതിന് | പൊതുവിജ്ഞാനം സാമാന്യസംഭവ-ങ്ങൾ എന്നിവ ഉൾപ്പെടുത്തിയുള്ള പ്രശ്നോത്തരി മത്സരം | രണ്ടാഴ്ചയിൽ ഒരിക്കൽ | മലയാളം അദ്ധ്യാപകർ | [illegible] PTA |
| * കുട്ടികളുടെ ഭാവനാശേഷി, ആസ്വാദനശേഷി എന്നിവ വളർത്തുന്നതിനും സർഗാത്മക പ്രവർത്തനങ്ങളിൽ താല്പര്യം ഉണ്ടാക്കുന്നതിനും | കുട്ടികൾ പഠിച്ച പാഠഭാഗങ്ങളിലെ (കഥ/കവിത) ഏതെങ്കിലുമൊരു സന്ദർഭവും ചിത്രീകരിച്ച് ചിത്രരചനാ മത്സരം സംഘടിപ്പിക്കുക | ജനുവരി മാസം | മലയാളം അദ്ധ്യാപകർ | PTA |
| * വിദ്യാലയത്തിന്റെ സാംസ്കാരികാന്തരീക്ഷം ഉയർ-ത്തുന്നതിനും, അവരുടെ പൊതു-വിജ്ഞാനം, കുട്ടികളുടെ പദസമ്പത്തിലൂടെ താല്പര്യം, ശൈലി എന്നിവ വർദ്ധിപ്പിക്കു-ന്നതിനും | **അമ്മ വായന**<br>ജൂൺ 19 വായനാദിനം - വായന വാരത്തോടനുബന്ധിച്ച് വായനക്ക് അമ്മമാരെ സംഘടിപ്പിക്കുന്നു | ജൂൺ മാസം | മലയാളം അദ്ധ്യാപകർ | അദ്ധ്യാപകർ |
| * കുട്ടികളിലെ വായനയും സാഹിത്യാഭിരുചിയും വർദ്ധിപ്പിക്കുന്നതിനും സർഗാത്മക രചനകളെ പ്രോത്സാഹിപ്പിക്കുന്നതിനും | **മാഗസിൻ**<br>സാഹിത്യാഭിരുചിയുള്ള കുട്ടികൾ എഴു-തിയ രചനകളുടെ ശേഖരണം | സെപ്റ്റംബർ | മലയാളം അദ്ധ്യാപകർ<br>Smitha. P.S<br>HST Malayalam. | അദ്ധ്യാപകർ<br>[signature] |

2025-26 (ENGLISH)

| LEARNING OBJECTIVES | ACTIVITY | DURATION | RESPONSIBILITY |
| --- | --- | --- | --- |
| * To enhance language skills in students<br>* To make the students competent in English language.<br>* To develop the ability to utilise the language skill in proper situation<br>* To encourage the students to speake English fluently. | ENGLISH CLUB FORMATION<br>* Interested students from class 5 to 10 are selected to join the English club.<br>* with an aim to develop language skill different activities are given. It may include<br>* reading competition<br>* recitation<br>* speech delivery<br>* book review<br>* Essay writing<br>Each of these activities are given as one month's club activities | Throughout the academic year | English teachers of UP and HS section |

| | | | | |
|---|---|---|---|---|
| | • To develop confidence in students to communicate in English<br><br>• To promote love for reading and learning English through interactive activities and discussion | 2. CLASS LIBRARY.<br>Class library is formed in each class collecting books from the students of particular class. A librarian is selected from each class, and assign the duty of collecting and delivering books. A register should be maintained by the class librarian and books should be issued on each week ends. Students should keep a separate book to write the review of the book, they have read each week. It will enhance the reading and writing skill of students | June to December | English teachers of UP and HS section |

* To develop confidence in    2. CLASS LIBRARY.

| BILITY | | DURATION | LITY |
|---|---|---|---|
| | * ENGLISH DAY<br>As part of the English day students comeforward with various performances like<br>* Drama<br>* skit<br>* Roleplay<br>* Recitation<br>* speech<br>* It boost up the confidence level of students to use language fluently | Any day in the month of January | English teachers of UP and HS section |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| 1) ഉന്നതിയുടെ ഭാഗമായി ഗോത്രവർഗ്ഗത്തിൽ നിന്ന് സംസ്കൃതം UP തലത്തിൽ എല്ലാ കുട്ടികൾക്കും അക്ഷരങ്ങളും പദങ്ങളും ഉറപ്പിക്കൽ | 1) ഭാഷാ ജ്ഞാനം<br>(1) അക്ഷരം എഴുതൽ<br>(2) ചിഹ്നം ഉറപ്പിക്കൽ<br>(3) വാക്കുകൾ എഴുതിപ്പിക്കൽ<br>(4) അക്ഷരമാല പഠനം<br>(5) പാട്ടുകളും കഥകളും കേൾപ്പിക്കൽ | ജൂൺ – ഓഗസ്റ്റ് | അധ്യാപിക |
| | (2) പറയാം പഠിക്കാം<br>(1) ചിത്രങ്ങൾ നോക്കി പേര് പറയൽ<br>(2) ചിത്രകഥകൾ<br>(3) ലഘു സംഭാഷണങ്ങൾ നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന സംസ്കൃത പദങ്ങൾ | ജൂലൈ | " |
| 2) വീട് ഒരു പഠനശാല<br>കാണാനും കേൾക്കാനും ഉപയോഗിക്കുന്നതുമായ വസ്തുക്കളുടെ പേര് സംസ്കൃതത്തിൽ പഠിക്കുക. | 1) വീട്ടിൽ ഉപയോഗിക്കുന്ന വസ്തുക്കളുടെ പട്ടിക സംസ്കൃതത്തിൽ തയ്യാറാക്കുക<br>2) ICT സഹായത്തിലൂടെ വസ്തുക്കളും വാക്കുകളും പരിശീലിക്കാനുള്ള അവസരം. | സെപ്റ്റംബർ ഒക്ടോബർ | അധ്യാപിക. |

| | | | |
|---|---|---|---|
| കുട്ടിയെ വായനയുടെ ലോകത്തേക്ക് കൊണ്ടുവരൽ | പുസ്തക ശേഖരണത്തിലൂടെ സംസ്കൃത ലൈബ്രറി സജ്ജീകരിക്കുക<br>(3) ഓരോ സംസ്കൃത പീരിയഡിലും ഒരു പുസ്തകത്തിന്റെ ഒരു പേജ് വായിക്കുക. | 6 മാസം | PTA<br>അധ്യാപിക |
| 4) ജൈവകൃഷിത്തോട്ടം | വിവിധ പച്ചക്കറി തൈകൾ പ്ലാന്റ് ചെയ്യുക | ജൂൺ | അധ്യാപിക. |
| 5) മത്സര പരീക്ഷകൾക്ക് തയ്യാറാക്കൽ | (1) പുസ്തകങ്ങൾ വായിക്കാൻ നൽകുക.<br>(2) എല്ലാ മാസവും ക്വിസ് നടത്തുക<br>(3) മാതൃക ചോദ്യപേപ്പറുകൾ തയ്യാറാക്കുക. | ജൂൺ - മാർച്ച് | അധ്യാപിക |

# Academic Masterplan - Hindi (H.S) 2025-26

| | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1. | രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുന്നു | सुरीली हिंदी, ऑडियो, वीडियो, വായനക്കാർക്ക് നൽകുന്നു. | ജൂൺ മുതൽ | അദ്ധ്യാപകർ |
| 2. | ഹിന്ദിഭാഷ മാതൃഭാഷയെ പോലെ നിർഭയം കൈകാര്യം ചെയ്യാനും, ആശയ വിനിമയം നടത്താനും, ആസ്വദിക്കുവാനുമുള്ള കഴിവ് വർദ്ധിപ്പിക്കുക. | പാഠഭാഗവുമായി ബന്ധപ്പെട്ട് ഹിന്ദിയിലെ പ്രസിദ്ധ രചനാകാരന്മാരെ കുറിച്ച് ചർച്ചകൾ ചിത്രങ്ങൾ, कहानी की टिप्पणी, पोस्टर എന്നിവ ഉൾപ്പെടുത്തുന്നു. | ജൂൺ മുതൽ | അദ്ധ്യാപകർ |
| 3. | ഹിന്ദി ഭാഷയിലൂടെ സാംസ്കാരിക അവബോധം നൽകുക. | चित्रवाचन करके लिखना, विषय देकर कहानी और कविता लिखना। | ജൂൺ മുതൽ | അദ്ധ്യാപകർ |
| | | | | |

Bijimol. A-M
HST (Hindi)

യു.പി. ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
| --- | --- | --- | --- |
| 1. രാഷ്ട്രഭാഷയോടുള്ള അഭിരുചി വർദ്ധിപ്പിക്കുക | സുരീലി ഹിന്ദി Audio/ Video, വായനാകാർഡ് എന്നിവ ക്ലാസ്സിൽ നൽകുന്നു | ജൂൺ മുതൽ | അധ്യാപിക |
| 2. ഹിന്ദി ഭാഷ മാതൃഭാഷയെ പോലെ അനായാസം ആശയവിനിമയം നടത്തുന്നതിനും ആസ്വദിക്കുന്നതിനുമുള്ള കഴിവ് വർദ്ധിപ്പിക്കുക | नामकार्ड, पोस्टर, बधाई कार्ड | " | " |
| 3. ഹിന്ദിഭാഷയിലൂടെ സാമൂഹികാവബോധം നൽകുക | सूचनापट, उद्घोषणा, चित्रवाचन करके लिखना | " | " |

Rajimol 13/3/25

Rajimol C.R.
U.P. Hindi Grade II

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| പഠിതാക്കളെ ചരിത്രാവബോധമുള്ളവരാക്കുക. | വെർച്വൽ ഫീൽഡ് ട്രിപ്പ്: ICT സാധ്യതകളുപയോഗിച്ച് ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങളുടെ വീഡിയോ പ്രദർശിപ്പിച്ച് കുട്ടികളിൽ ചരിത്രാവബോധം വളർത്തുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ. SRG കൺവീനർ | |
| സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട വിവിധ ദിനങ്ങളുടെ പ്രാധാന്യം കുട്ടികളി-ലെത്തിക്കൽ | ഹിരോഷിമ - നാഗസാക്കി ദിനങ്ങൾ സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം, മനുഷ്യാവകാശദിനം എന്നിവയുടെ സമുചിതമായ ആചരണം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ SRG കൺവീനർ | |
| സാമൂഹ്യശാസ്ത്ര വിഷയങ്ങളോട് പഠിതാക്കളെ അന്തർദേശീയ നിലവാരത്തിലേക്ക് എത്തിക്കുന്നു. | വിവിധ മത്സരപ്പരീക്ഷകളെ നേരിടാൻ പ്രാപ്തിനേടും വിധം അറിവിന്റെ മേഖലകളെ സൃഷ്ടിക്കുന്ന, മത്സരബുദ്ധിയോടെ പൊതുവിജ്ഞാനം വളർത്താൻ സഹായിക്കുന്ന ഉദ്യമങ്ങൾ | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ SRG കൺവീനർ | |

| | | | | |
|---|---|---|---|---|
| | നിരീക്ഷണം കൊണ്ടുള്ള രീതി ശില്പശാല ചോദ്യോത്തരവേളകൾ ക്വിസുകൾ എന്നിവ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |
| സാമൂഹ്യശാസ്ത്ര ലാബ് നവീകരണം | മാപ്പുകൾ, അറ്റ്ലസ്, ഗ്ലോബ്, മോഡലുകൾ, കൃതികളുടെ ഉല്പന്നങ്ങൾ, ചരിത്രവസ്തുക്കൾ തുടങ്ങിയവ ഉൾപ്പെടുന്ന സാമൂഹ്യശാസ്ത്രലാബിന്റെ നവീകരണം | അക്കാദമിക വർഷം | സാമൂഹ്യശാസ്ത്ര അധ്യാപകർ | |

# ACADEMIC MASTER PLAN - SCIENCE (HS)

## 2025 - 2026

# HS Section Science Academic Master Plan

## ലക്ഷ്യങ്ങൾ

1. 2025-26 അധ്യയന വർഷത്തിൽ പൊതുവിദ്യാഭ്യാസത്തിന്റെ ഗുണമേന്മ കൂടുതൽ ഉറപ്പാക്കികൊണ്ട് നമ്മുടെ വിദ്യാലയത്തിലെ HS വിഭാഗം കുട്ടികൾക്ക് ശാസ്ത്രീയമായ അറിവിനെയും ശാസ്ത്ര വിദ്യാഭ്യാസത്തെയും കുറിച്ച് കൂടുതൽ വസ്തുതാപരമായ നിലപാട് ഉണ്ടാക്കൽ.
2. എല്ലാ വിഭാഗത്തിൽപ്പെടുന്ന കുട്ടികളെയും വിദ്യാലയ പഠന പ്രവർത്തനങ്ങളുടെ ഭാഗമാക്കുക.
3. പഠനവിടവുകൾ നികത്തുക.
4. സൗഹാർദപരമായ സമീപനത്തിലൂടെ കുട്ടികളുടെ പഠനകാര്യങ്ങളിൽ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.
5. പ്രകൃതിയോട് കൂടുതൽ ഇണങ്ങി ജീവിക്കുക.

## പ്രവർത്തനങ്ങൾ

1. സയൻസ് വിഷയം പഠിക്കുന്നതിലൂടെ ലഭിക്കുന്ന അറിവുകൾ തന്റെ ചുറ്റുപാടും എങ്ങനെ പ്രയോഗിക്കണം എന്ന് കണ്ടെത്തി ഓരോ അധ്യായത്തിന്റെയും അടിസ്ഥാനത്തിൽ നിത്യജീവിതത്തിൽ കണ്ടെത്താവുന്ന വിവിധ പ്രായോഗിക പ്രശ്നസന്ദർഭങ്ങളും - അവലംബിക്കേണ്ട ശാസ്ത്രതത്വവും മാർഗ്ഗങ്ങളും അതിനടിസ്ഥാനമായ ശാസ്ത്രനിയമങ്ങളും ഉൾപ്പെടുത്തി "എന്റെ സയൻസ്" എന്ന പേരിൽ പേപ്പർ ഡോക്യുമെന്റേഷൻ തയ്യാറാക്കുക.

2. ഓരോ മാസത്തെയും അവസാന ആഴ്ചയിൽ പഠിച്ചു കഴിഞ്ഞ അധ്യായവുമായി ബന്ധപ്പെട്ട പരീക്ഷണങ്ങളുടെയും വസ്തുക്കളുടെയും പ്രദർശനം നടത്തുക. പരീക്ഷണത്തെയും വസ്തുക്കളുടെ മോഡലിനെയും പറ്റി എല്ലാ കുട്ടികളെക്കൊണ്ടും ആശയങ്ങൾ പറയിക്കുക.

3. മുൻക്ലാസുകളിൽ പഠിച്ച സയൻസ് പാഠഭാഗങ്ങളുടെ തുടർച്ചയായി വരുന്ന അധ്യായങ്ങളിലെ ഉള്ളടക്കം മനസ്സിലാക്കി സ്വയം കുട്ടികളെക്കൊണ്ട് ലഘു പ്രവർത്തനങ്ങൾ ചെയ്യിക്കുന്നതിലൂടെ അടിസ്ഥാന ആശയങ്ങൾ മനസ്സിലാക്കി പഠനവിടവുകൾ നികത്തുക.

4. സയൻസ് പഠിക്കുന്നതിലൂടെ ലഭ്യമാകുന്ന അറിവുകൾ സ്വയം പ്രായോഗികമാക്കാനുള്ള ശേഷി നേടുന്നതിന്റെ ഭാഗമായി "വീട്ടിലൊരു പരീക്ഷണശാല" നിർമിക്കുക. ഇതിലൂടെ രക്ഷിതാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുക.

[illegible]

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- |
| 1. പ്രകൃതിയെയും പ്രകൃതി വിഭവങ്ങളെയും സംരക്ഷിക്കുക | 1. ശലഭോദ്യാനം<br>6-മുതൽ 8 വരെ ക്ലാസുകളിലെ 40 കുട്ടികളെ തെരഞ്ഞെടുത്ത് ജൂൺ 5ന് ശലഭോദ്യാന നിർമ്മാണം ആരംഭിക്കുന്നു [illegible] ചെടികൾ കൊണ്ടുവരാൻ കുട്ടികൾക്ക് നിർദ്ദേശം നൽകുന്നു<br>1 കൃഷ്ണകിരീടം 3. വാടാമല്ലി 5. ചെമ്പരത്തി 7 സൂര്യകാന്തി<br>2. [illegible] 4 രാജമല്ലി 6. ചെണ്ടുമല്ലി 8. കിലുക്കി. | ജൂൺ മുതൽ ഫെബ്രുവരി വരെ | HS. UP ശാസ്ത്ര അധ്യാപകർ | P.T.A |
| | 2. ജല ഊർജ്ജ സംരക്ഷണം<br>i ജല മലിനീകരണ ബോധവൽക്കരണ പ്രവർത്തനങ്ങൾ<br>ii. പൊതുഗതാഗതം പ്രോത്സാഹിപ്പിക്കൽ<br>iii. സൈക്കിളിന്റെ ഉപയോഗം വർദ്ധിപ്പിക്കൽ | ജൂൺ മുതൽ ഫെബ്രുവരി വരെ | HS. UP ശാസ്ത്ര അധ്യാപകർ | PTA |
| | 3 കാർഷികം<br>i സ്കൂളുകളിലും വീടുകളിലും ജൈവ കൃഷി<br>ii ഔഷധത്തോട്ട നിർമ്മാണം - [illegible] | | | |

| വിഷയം | പ്രവർത്തനങ്ങൾ | [illegible] | [illegible] | [illegible] |
| --- | --- | --- | --- | --- |
| ശുചിത്വം, ആരോഗ്യം | i പരിസര ശുചീകരണം<br>ii മഴക്കാല രോഗങ്ങളുടെ ബോധവൽക്കരണം<br>iii കുട്ടികളുടെ വ്യക്തിത്വ വികസനം, മാനസിക ആരോഗ്യം ഉറപ്പ് വരുത്താനുള്ള പ്രവർത്തനങ്ങൾ<br>iv Used pen കളക്ട് ചെയ്ത് ഹരിതകർമസേനയെ ഏൽപ്പിക്കുന്നു | ജൂൺ മുതൽ ഫെബ്രുവരി വരെ | HS. UP ശാസ്ത്ര അധ്യാപകർ | PTA |
| ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ | തനിച്ചല്ല<br>i സുരക്ഷാ കൂട്ടായ്മ രൂപവൽക്കരണം<br>ii സൈബർ സേഫ്റ്റി, പേഴ്സണൽ സേഫ്റ്റി<br>iii ലഹരി വിരുദ്ധ ദിനാചരണ പ്രവർത്തനങ്ങൾ<br>iv ബോധവൽക്കരണ പ്രവർത്തനങ്ങൾ | ജൂൺ മുതൽ ഫെബ്രുവരി വരെ | HS. UP ശാസ്ത്ര അധ്യാപകർ | PTA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | സമയം | ചുമതല | [illegible] |
|---|---|---|---|---|
| 1. പഠിതാക്കളിൽ ഗുണന പട്ടിക ഉറപ്പിക്കൽ. | ഗുണനപട്ടികയുടെ ചാർട്ട് ക്ലാസ്സിൽ പ്രദർശിപ്പിക്കുകയും എല്ലാ ദിവസവും ഗുണനപ്പട്ടിക ക്ലാസ്സിൽ ചൊല്ലിക്കുകയും ചെയ്യുക. | എല്ലാ ദിവസവും | ഗണിത അധ്യാപകൻ | |
| 2. വിവര ചിത്രങ്ങളുടെ ആശയം കുട്ടികളിൽ എത്തിക്കുക. | കാലാവസ്ഥ, ജനസംഖ്യ, വൈദ്യുതി ഉപയോഗം തുടങ്ങി സാമൂഹ്യ പ്രശ്നങ്ങൾ ഉൾപ്പെടുന്ന വിവര ചിത്രങ്ങൾ ചാർട്ടുകൾ വഴി പ്രദർശിപ്പിച്ച് കുട്ടികൾക്ക് കൂടുതൽ ചോദ്യങ്ങൾ നൽകുന്നതാണ്. ഈ ചോദ്യങ്ങൾ കുട്ടികൾ വ്യക്തിഗതമായി ഉത്തരം കണ്ടെത്തുന്നതിനോടൊപ്പം ഇതുമായി ബന്ധപ്പെട്ട കൂടുതൽ ചോദ്യങ്ങൾ അവർ കണ്ടെത്തുകയും ചെയ്യുക. | അക്കാദമിക വർഷം | ഗണിത അധ്യാപകൻ | |
| 3. ത്രികോണത്തിലെ കോണുകളുടെ അളവുകളുടെ തുക 180° എന്ന ആശയം ഉറപ്പിക്കുക. | കോണുകളുടെ അളവുകളുമായി ബന്ധപ്പെട്ട Work sheet, Assignment എന്നിവ ചെയ്യിപ്പിക്കുക. | ജൂൺ ജൂലൈ | ഗണിത അധ്യാപകൻ | |

മേഖല - HS ഗണിതം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിഭവം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ | ദൃഢത്തിനായും. പ്രീടെസ്റ്റ് നടത്തി പിന്നു് കണ്ടെത്താൻ, മാത്സ് ക്ലിനിക് | ജൂൺ ആദ്യവാരം | അധ്യാപകർ, പിന്നോക്കം നിൽക്കുന്ന കുട്ടികൾ | |
| 2. നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ഇൻസ്ട്രുമെന്റ് ബോക്സിന്റെ പദ്ധതി, ഗിഫ്റ്റുകൾ | തുടർപ്രവർത്തനം | അധ്യാപകർ | |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രയോഗം ബോധ്യപ്പെടൽ | ഫീൽഡ് ട്രിപ്പ് | ഒരു ടേമിൽ ഒന്ന്. | അധ്യാപകർ, PTA | PTA. |
| 4. ഗണിത ആശയങ്ങളിൽ നിന്നും ഉണ്ടാകുന്ന ഗണിതരൂപങ്ങൾ, അളവുകൾ ഇവ പരിചയപ്പെടൽ | ശിൽപശാല സംഘടിപ്പിക്കുന്നു, ക്ലബ്ബ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | അക്കാദമിക വർഷത്തിൽ ഒന്ന് | ഗണിതക്ലബ്ബ് | |
| 5. സംഖ്യാബോധം ഉണ്ടാക്കൽ | സംഖ്യ പഠനം. | തുടർപ്രവർത്തനം | അധ്യാപകർ, സംഘാടകർ | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| 6. അധ്യാപകർ കാലാനുസൃതമായ് ചെയ്തു വരുന്ന ക്ലാസ് റൂമുകളിലെ തുടർപഠനം സാധ്യമാക്കി കുട്ടികളിൽ ആത്മവിശ്വാസം ഉറപ്പിക്കുന്നു. | വിഷയസമിതിയുടെ വിവിധ പ്രവർത്തനം, ഇടപെടൽ, ചർച്ചകൾ, പാഠാസൂത്രണം എന്നിവ കൂടിയ പ്രവർത്തനങ്ങളിലൂടെ ലക്ഷ്യം കൈവരിക്കുന്നു. | അക്കാദമിക വർഷം, തുടർപ്രവർത്തനം | വിഷയസമിതി കൺവീനർ | |
| 7. ഗണിത വിഷയത്തിന് കുട്ടികളുടെ വിവിധ ദിനങ്ങൾ. | ഗണിതഹോമം : കുട്ടികൾ കൂടാതെ ഗണിതാവബോധമുള്ള രക്ഷാകർത്താക്കളും അധ്യാപകരുടെയും കൂട്ടായ്മയിൽ corner ശില്പശാലകൾ. | ശനിയാഴ്ചകളിലും മറ്റ് അവധിദിവസങ്ങളിലും. | ഗണിതാധ്യാപകർ | ഗണിത ക്ലബ്, മാനേജ്മെന്റ്. |
| 8. ഗണിത മത്സര വേദിയിലേക്ക്: കുട്ടികളിൽ ഉൾക്കാഴ്ച കൈവരിക്കൽ | ഗണിത ക്ലബ്ബിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ, മത്സരങ്ങൾക്ക് പ്രോത്സാഹനം, സ്കൂൾ തല ഗണിത മേള നടത്തൽ. | മാസത്തിൽ ഒന്ന്. ഒക്ടോബർ | ക്ലബ് സെക്രട്ടറി അധ്യാപകർ | PTA. |
| 9. രക്ഷിതാക്കളെ ബോധവത്കരിക്കൽ | മാസത്തിൽ ഒരു PTA നടത്തുന്ന ശ്രമങ്ങൾ നടത്തുന്നു | ആവശ്യമെങ്കിൽ ഒരു ദിവസത്തിൽ ഒന്ന് | അധ്യാപകർ, HM, PTA മെമ്പറുമാർ | |
| 10. ഗണിതലാബ് | ശില്പശാലകളിലൂടെ പഠനോപകരണങ്ങളുടെ ശേഖരണം | അക്കാദമിക വർഷം. | അധ്യാപകർ, കുട്ടികൾ. | |

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ:

- ഓരോ വിദ്യാർത്ഥിയും അവരുടെ അഭിരുചികൾ മനസ്സിലാക്കി പഠിക്കുവാനും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ച വയ്ക്കുവാനും കഴിയും.
- പഠന നിലവാരം ഉയരും.
- കുട്ടികളിലെ മാനസിക വൈകാരിക പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ പ്രാപ്തർ
- അധ്യാപക - വിദ്യാർത്ഥി - രക്ഷാകർതൃ ബന്ധം ദൃഢമാകും
- മത്സരാധിഷ്ഠിതമായി പഠനപ്രവർത്തനങ്ങളിലും പൊതുവായ പ്രവർത്തനങ്ങളിലും പങ്കെടുക്കാൻ കഴിയും.
- 'പഠന പിന്നോക്കാവസ്ഥ' എന്ന ഒരു വിപത്തിനെ എന്നും ശാശ്വതമായി തുരത്താൻ കഴിയും.

## മോണിറ്ററിംഗ്.

- AMP യിൽ ഉൾപ്പെടുത്തിയ പ്രവർത്തനങ്ങൾ മുൻഗണനാ ക്രമത്തിൽ നടപ്പാക്കും.
- മാസത്തിൽ രണ്ട് തവണ SRG യോഗം ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്തും.
- PTA യോഗങ്ങളിൽ പഠനപ്രവർത്തനങ്ങളുടെ വിലയിരുത്തൽ ചർച്ചകൾ നടത്തും.
- കുട്ടികൾക്ക് സുരക്ഷാ വിദ്യാഭ്യാസം നൽകി ഓരോ വിഷയവുമായി ബന്ധപ്പെട്ട പരിപാടികളും പ്രവർത്തനങ്ങളും കാര്യക്ഷമമായി നടപ്പിലാക്കുകയും വിലയിരുത്തൽ ചർച്ചകൾ നടത്തുകയും ചെയ്യും.

## ഉപസംഹാരം.

വിദ്യാലയത്തിന്റെ സമഗ്ര പുരോഗതിക്കായ് തയ്യാറാക്കിയ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉൾനാടിനായ് സമർപ്പിക്കുന്നു.

—— SNOPHSS കുട്ടമംഗലം ——